LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അങ്കണവാടി വർക്കർ/ഹെൽപ്പർ 62 വയസ്സായി വിരമിക്കുന്ന അവസരത്തിൽ അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി വർക്കർക്ക് 500 രൂപയും ഹെപ്പർക്ക് 300 രൂപയും നിലവിൽ പ്രതിമാസ പെൻഷനായി നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി ജീവനക്കാർ ക്ഷേമനിധിയിൽ അടച്ച വിഹിതം അതിന്റെ 11% പലിശ, സർക്കാർ വിഹിതം എന്നിവയും അനുവദിച്ച നൽകിവരുന്നുണ്ട്. അങ്കണവാടിയിൽനിന്നും പെൻഷനായി വിരമിക്കുന്നവർക്ക് 15,000 രൂപയും വർക്കർക്ക് 10,000 രൂപയും വിരമിക്കൽ ആനുകൂല്യമായും നൽകിവരുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിലെ വികസന പ്രവർത്തനങ്ങൾ

210 (5563) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിവരിക്കുമോ ;

(ബി) ഇതിലേക്കായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിൽ നടന്ന പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. നേർവഴി പദ്ധതി
2. എന്റെ കൂട് പദ്ധതി
3. NGO അക്രഡിറ്റേഷൻ
4. ഡിമെൻഷ്യ കെയർ സെന്റർ
5. പാരാപ്ലീജിയ ഷോർട്ട് സ്റ്റേ ഹോം.
6. ജാതക്-ജനനി പദ്ധതി
7. കെട്ടിട നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ :

1. ആശ്വാസ കിരണം പദ്ധതി
2. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ
3. വയോമിത്രം പദ്ധതി.
4. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി
5. വിശപ്പു രഹിത നഗരം പദ്ധതി
6. ശ്രുതിതരംഗം പദ്ധതി
7. സ്നേഹപൂർവ്വം പദ്ധതി
8. സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്
9. സമാശ്വാസം പദ്ധതി
10. പ്രത്യാശ വിവാഹധനസഹായ പദ്ധതി
11. സ്റ്റേറ്റ് ഡിസബിലിറ്റി സർവ്വേ
12. കാരുണ്യ ഡെപ്പോസിറ്റ് സ്കീം
13. വി-കെയർ

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ :

1. ഷീ ടോയ്ലെറ്റ്
2. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾസ്-റീച്ച്
3. വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ
4. സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആയോജന കലയിൽ പരിശീലനം
5. റിമൻസ് കോളേജുകളിൽ റിമൻസ് സെൽ
6. ഉണർത്തുപാട്ട് ഡോക്യുമെന്ററി
7. ജെണ്ടർ അവയർനെസ്സ് ക്യാമ്പയിൻ
8. ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റി ശിൽപശാല.

9. വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന പരിപാടി

10. തൊഴിലധിഷ്ഠിത പരിശീലന പരിപാടി

11. കരിയർ ഓറിയേന്റേഷൻ പ്രോഗ്രാം

12. സുരക്ഷാ @ സ്കൂൾ പ്രോജക്ട്

13. ജെണ്ടർ എക്സ്പേർട്ട് പരിശീലനം.

(ബി) ചെലവാക്കിയ തുക അനുബന്ധമായി ചേർക്കുന്നു.*

സാമൂഹ്യനീതി വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമനം

211 (5564) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് ക്വാട്ടയിൽ സാമൂഹ്യനീതി വകുപ്പിൽ എത്ര പേർക്ക് ഈ വർഷം നിയമനം നൽകിയിട്ടുണ്ടെന്നും എവിടെയാണ് നിയമിച്ചതെന്നും വിശദമാക്കാമോ ;

(ബി) നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലിസ്റ്റിലുള്ള മറ്റുള്ളവരെ പരിഗണിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 12-6-2015-ലെ ഇ 4-19397/12 നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ ഈ വർഷം സ്പോർട്സ് ക്വാട്ടയിൽ കൊല്ലം ജില്ലാതല ഐ.സി.ഡി.എസ്. സെല്ലിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും ടി ഉദ്യോഗാർത്ഥി നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നില്ലായെന്ന് അറിയിപ്പ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

212 (5565) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യനീതി വകുപ്പിന്റെ 2014-15 മാർച്ച്-31-നുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം പദ്ധതി ഇനത്തിൽ 53.68% മാത്രമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം സംഭവിക്കാനുണ്ടായ കാരണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly